# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 19-06-2012

## പഴയ പാഠപുസ്തകം വിതരണം ചെയ്തത് നിരുത്തരവാദപരം
**കെ.എസ്.ടി.എ**

പാഠപുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം നടത്തുന്നുവെന്ന് വരുത്തിതീർക്കാൻ ആക്രി കടയിൽ തൂക്കി വിൽക്കാൻ വച്ചിരുന്ന പഴയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചത് അത്യന്തം നാണംകെട്ട നടപടിയാണെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി അഭിപ്രായപ്പെട്ടു.

ഏഴാം ക്ലാസിലെ സാമൂഹ്യപാഠം പുസ്തകത്തിലെ മതമില്ലാത്ത ജീവൻ എന്ന വിവാദപാഠ ഭാഗം ഉൾപ്പെടുന്ന പുസ്തകവും സ്കൂളുകളിൽ വിതരണം ചെയ്തിരിക്കുകയാണ്. ഈ പാഠഭാഗ ത്തിന്റെ പേരിൽ മുസ്ലീംലീഗും യു.ഡി.എഫും വ്യാപകമായ അക്രമസമരങ്ങൾ നടത്തിയിരുന്നു. അധ്യാപക പരിശീലനത്തിൽ പങ്കെടുത്ത ജയിംസ് അഗസ്റ്റിൻ എന്ന അധ്യാപകനെ ചവിട്ടികൊന്നു. ഗർഭണികളായ അധ്യാപികമാരെ ഉൾപ്പെടെ ആക്രമിച്ചു. ജൂലൈ 19 ന് അഗസ്റ്റിൻ മാസ്റ്ററെ കൊലപ്പെ ടുത്തിയിട്ട് മൂന്നുവർഷം തികയുമ്പോൾ പിൻവലിച്ച പാഠപുസ്തകങ്ങൾ വ്യാപകമായി സ്കൂളുക ളിൽ എത്തിച്ചിരിക്കുന്നു. യു.പി ക്ലാസുകളിലെയും 9–ാം ക്ലാസുകളിലെയും പഴയ ഇംഗ്ലീഷ് പാഠ പുസ്തകങ്ങളും സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. 2008 നു മുൻപുള്ള പാഠപുസ്തകങ്ങളും സ്കൂളു കളിൽ എത്തിയിട്ടു്. മന്ത്രിയുടെ സ്വന്തം ജില്ലയായ മലപ്പുറത്ത് പഴയപാഠപുസ്തകങ്ങൾ വ്യാപ കമായി വിതരണം ചെയ്തിട്ടു്. സ്റ്റോക്ക് ക്ലിയറൻസിനുവേി വച്ചിരുന്ന പാഠപുസ്തകങ്ങൾ വിതരണം ചെയ്ത നടപടി അത്യന്തം പ്രതിഷേധാർഹമാണ്. പുതിയ പാഠപുസ്തകങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ മുൻകൂട്ടി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്യാൻ ഒരുതടസവുമി ല്ലായിരുന്നു. പാഠപുസ്തകവിതരണത്തിലെ എല്ലാ പ്രയാസങ്ങളും എൽ.ഡി.എഫ് സർക്കാർ പരിഹ രിച്ചിരുന്നു. മെച്ചപ്പെട്ട വിതരണ സമ്പ്രദായം മുൻസർക്കാർ ഏർപ്പെടുത്തിയിരുന്നതുകൊ് ഇപ്പോൾ യഥാസമയം പുസ്തക വിതരണം നടത്താൻ കഴിയുമായിരുന്നു.

അക്കാദമിക് കാര്യങ്ങൾ ഉത്തരവാദിത്തത്തോടെ നോക്കാൻ കഴിയുന്ന എല്ലാവരെയും ഒഴി വാക്കി വിദ്യാഭ്യാസവകുപ്പിനെ ലീഗുവൽക്കരിച്ചതിന്റെ അനന്തരഫലങ്ങളാണ് ഇതെല്ലാം. അഴിമതി ക്കാരുടെ താവളമാക്കി വിദ്യാഭ്യാസവകുപ്പിനെ അധഃപതിപ്പിച്ചിരിക്കുകയാണ്. കേരളത്തിന്റെ ചരി ത്രത്തിൽ ഇത്രയും നാണംകെട്ട സംഭവം ആദ്യമായാണ് ഉാകുന്നത്. പാഠപുസ്തകവിതരണം വീും കുഴപ്പത്തിലായിരിക്കുകയാണ്. പഴയ പാഠപുസ്തകങ്ങൾ അടിയന്തിരമായി പിൻവലിച്ച് കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ എത്തിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് കെ. എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി